## 530

*സങ്കീ. 23*

എത്ര നല്ലോരിടയനെൻ യേശു നസറേശൻ!
നിത്യവുമെൻ മുട്ടുകളെ തീർത്തിടുന്നോരീശൻ!

1 പച്ചമേച്ചിൽ സ്ഥലങ്ങളിൽ ഞാൻ നടന്നു മേയും
ശാന്തമായ വെള്ളം കുടിച്ചാനന്ദിച്ചു തുള്ളും-

2 ആകുലമശേഷം നീക്കി പ്രാണനെയെന്നാഥൻ
ആദരവായ് തണുപ്പിക്കുന്നേശു നസറേശൻ-

3 നീതിപാതയറിഞ്ഞു ഞാൻ സഞ്ചരിക്കുന്നിപ്പോൾ
ഭീതിയില്ല, കൂരിരുളിൻ താഴ്‌വരയിൽ പോലും-

4 തൻവടിയും കോലുമെന്നെയാശ്വസിപ്പിക്കുന്നു
ശത്രുവിൻ മുമ്പെനിക്കവൻ മേശയൊരുക്കുന്നു-

5 എന്നുടെ തലയിലെണ്ണ തിങ്ങിയൊഴുകുന്നു
ഞാൻ കുടിക്കും പാത്രമോ നിറഞ്ഞു കവിയുന്നു

6 നന്മയും കൃപയുമെന്നെ തേടി വരുമെന്നും
ദൈവഭവനത്തിൽ വാഴും ദീർഘകാലമീ ഞാൻ-

**K.V.S.**